## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1369** **07.06.2018 -ൽ മറുപടിക്ക്**

## സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | ഉത്തരം<br>പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|---|
| എ) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | എ) | 43500 ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ക്ലാസ്സ് മുറികൾ സജ്ജമാകുന്നതിനനുസരിച്ച് അവിടെയും ഹൈടെക് ഉപകരണങ്ങൾ വിന്യസിക്കാൻ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) കുട്ടികളുടെ അഭിരുചിയും മികവും മനസ്സിലാക്കുന്നതിനും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും പുറത്ത് നിന്നുമുള്ള വിവിധ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ സേവനം ഉപയോഗിക്കുന്നതിനും അവരുമായി കുട്ടികൾക്ക് ഇന്ററാക്ടീവ് സെഷനുകൾ സംഘടിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; | ബി) | ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ആരംഭിച്ച 'ലിറ്റിൽ കൈറ്റ്സ്' ഐ.ടി മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്. |
| സി) അഖിലേന്ത്യാ നിലവാരത്തിലുള്ള മത്സരപരീക്ഷകളിലും ഇന്റർവ്യൂകളിലും പങ്കെടുക്കുന്നതിന് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കുന്നതിന് ഹൈസ്കൂൾ തലത്തിൽത്തന്നെ സ്ഥിരം പാഠ്യവിഷയങ്ങൾക്ക് പുറമെയുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നതിന് പദ്ധതി നടപ്പിലാക്കുമോ; | സി) | നിലവിൽ ഇത്തരം പദ്ധതി നടപ്പിലാക്കിയിട്ടില്ല . |
| ഡി) പൊതു വിദ്യാലയങ്ങളുടെ പ്രസക്തിയും ആവശ്യകതയും വീണ്ടെടുക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനിയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | ഡി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന പദ്ധതികൾ പൂർണ്ണതയിൽ പ്രാവർത്തികമാകുന്നതോടുകൂടി പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ കഴിയുന്നതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, എസ്.എസ്.എ, ആർ.എം.എസ്.എ, എസ്. സി. ഇ.ആർ.ടി. (കൈറ്റ്) എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പൊതുവിദ്യാഭ്യാസ രംഗത്ത് വളരെയധികം മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ട്. വിദ്യാർത്ഥികളുടെ അഭിരുചികൾ വളർത്തുന്നതിനുള്ള പരിപാടികളും പദ്ധതികളും ആവിഷ്കരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ